# സ്വപ്നങ്ങൾ തകർന്ന് ക്ലോസെ

**പോർട്ട് എലിസബത്ത്:** നഷ്ടസ്വർഗത്തിലാണ് ഇപ്പോഴും ജർമൻ താരം മിറോസ്ലാവ് ക്ലോസെ. ലോകകപ്പിന്റെ ചരിത്രത്തിൽ സ്ഥാനം പിടിക്കാനുള്ള അവസരം കയ്യെത്തും ദൂരത്തുവെച്ചാണ് ജർമനിയുടെ ഗോംഫേട്ടക്കാരന് നഷ്ടമായത്. ബ്രസീലിന്റെ മുൻലോക ഫുട്ബോളർ റൊണാൾഡോയുടെ 15 ലോകകപ്പ് ഗോളെന്ന റെക്കോഡ് തകർക്കാനുള്ള ക്ലോസെയുടെ ശ്രമമാണ് പരിക്ക് തകർത്തത്. ഉറുഗ്വായുമായുള്ള ലൂസേഴ്സ് ഫൈനലിനിറങ്ങുമുമ്പ് ക്ലോസെയുടെ അക്കൗണ്ടിൽ പതിനാലു ലോകകപ്പ് ഗോളുകളാണുണ്ടായിരുന്നത്. 2002 ലോകകപ്പിലെ അഞ്ചു ഗോളുകളും അതിന് മേമ്പൊടിയായി കഴിഞ്ഞ ലോകകപ്പിലെ അത്രയും തന്നെ ഗോളുകളും. ഇക്കുറി പക്ഷേ, ക്ലോസെ ലോകകപ്പിനെത്തുമ്പോഴേ കാര്യങ്ങളത്ര ശുഭകരമായിരുന്നില്ല.

എന്നാൽ ഓസ്ട്രേലിയക്കെതിരായ ആദ്യ മത്സരത്തിൽ തന്നെ ക്ലോസെ ഗോംഫ പട്ടികയിൽ ഇടം കണ്ടെത്തി. സെർബിയക്കെതിരായ അടുത്ത മത്സരം ജർമനിക്കും ക്ലോസെയ്ക്കും വൻതിരിച്ചടിയാണ് സമ്മാനിച്ചത്. ജർമനി എതിരില്ലാത്ത ഒരുഗോളിനു തോറ്റ മത്സരത്തിൽ ക്ലോസെ മഞ്ഞക്കാർഡ് കണ്ടു പുറത്താകുകയും ചെയ്തു. ഘാനയ്ക്കെതിരായ നിർണായക മത്സരത്തിൽ കളിക്കാനാകാതെ പുറത്തിരിക്കേണ്ട ഗതികേടിലായി ക്ലോസെ.

ഇംഗ്ലണ്ടിനെതിരായ പ്രീ-ക്വാർട്ടറിൽ ക്ലോസെ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുന്നത് ഫുട്ബോഫ ലോകം കണ്ടു. തന്റെ 99-ാം അന്താരാഷ്ട്ര മത്സരത്തിൽ കരിയറിലെ 50-ാം ഗോംഫ സ്വന്തമാക്കി. ലോകകപ്പിൽ ക്ലോസെയുടെ പന്ത്രണ്ടാം ഗോളായിരുന്നു ഇത്. ഇതിഹാസ താരം പെലെയെയും ലോകകപ്പിലെ ഗോംഫ വേട്ടയിൽ നാലാം സ്ഥാനത്തെത്താനും ക്ലോസെയ്ക്കായി.

ക്ലോസെയുടെ ബൂട്ടിൽ നിന്നും ഇനിയും അത്ഭുതങ്ങഫം വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ. അർജന്റീനയ്ക്കുതിരായ ക്വാർട്ടറിലാണ് ദക്ഷിണാഫ്രിക്കയിൽ ക്ലോസെ വിശ്വരൂപം പൂണ്ടത്. ജർമനിയുടെ രണ്ടാമത്തെയും നാലാമത്തെയും ഗോളുകഫം സ്വന്തം പേരിൽ കുറിച്ച ക്ലോസെ പതിനാലു ഗോളുകളുമായി ഗെർഡ് മുള്ളർക്കൊപ്പം ലോകകപ്പ് ഗോംഫ പട്ടികയിൽ പതിനാലുഗോളുകളുമായി രണ്ടാം സ്ഥാനത്തുമെത്തി.

ഇനി മുന്നിൽ സാക്ഷാൽ റൊണാംഫോ മാത്രം. എന്നാൽ സ്പെയിനുമായുള്ള സെമി ഫൈനലിൽ ക്ലോസെ റെക്കോഡിനൊപ്പമെത്തുകയോ റെക്കോഡ് തകർക്കുകയോ ചെയ്യുമെന്നു കരുതിയവർക്കു തെറ്റി.

ഉറുഗ്വായെ തോല്പിച്ച് ലോകകപ്പിൽ മൂന്നാം സ്ഥാനക്കാരായ ജർമൻ ടീം വെങ്കല മെഡലുമായി

# ജർമനിക്ക് മൂന്നാമിടം

**പോർട്ട് എലിസബത്ത്:** 'തിരിച്ചുവരവുകളുടെ' രാജാക്കന്മാർ എന്ന പേര് ഒരിക്കൽക്കൂടി അന്വർഥമാക്കിയാണ് ജർമനി ലോകകപ്പിൽ തുടരെ രണ്ടാം തവണയും മൂന്നാമതെത്തിയത്. ആവേശകരമായ പോരാട്ടത്തിൽ രണ്ടിനെതിരെ മൂന്നു ഗോളുകഫംക്കാണ് ടൂർണമെന്റിൽ കരുത്ത കുതിരകളായ ഉറുഗ്വായെ ജർമനി മറികടന്നത്. അവസാന സെക്കൻഡിൽ നായകൻ ഡീഗോ ഫോർലാൻ എടുത്ത ഫ്രീക്കിക്ക് പോസ്റ്റിൽ തട്ടിമടങ്ങിയതോടെ രണ്ടുവട്ടം ചാമ്പ്യന്മാരായ ഉറുഗ്വായുടെ അവസാന പ്രതീക്ഷയും അസ്തമിച്ചു.

തോമസ് മുള്ളർ (19-ാം മിനിറ്റിൽ നേടിയ ഗോളിൽ ജർമനിയാണ് മുന്നിൽ കടന്നത്. എന്നാൽ പത്തു മിനിറ്റിനുശേഷം കവാനി ഉറുഗ്വായ്ക്ക് സമനില സമ്മാനിച്ചു. രണ്ടാം പകുതിയിൽ 51-ാം മിനിറ്റിൽ തകർപ്പൻ ഷോട്ടിലൂടെ ഫോർലാൻ ലാറ്റിനമേരിക്കൻ ടീമിന് ലീഡ് സമ്മാനിക്കുകയും ചെയ്തു. 56-ാം മിനിറ്റിൽ മാഴ്സൽ യാൻസൺ നേടിയ ഗോളിൽ ജർമനി കളിയിൽ മടങ്ങിയെത്തി. കളി തീരാൻ എട്ടു മിനിറ്റ് ബാക്കിനിൽക്കെ സമി ഖദീരയാണ് മുൻ ചാമ്പ്യന്മാരുടെ വിജയ ഗോംഫ സ്വന്തമാക്കിയത്. ഫോർലാനും മുള്ളറും ഇതോടെ അഞ്ചു ഗോളുമായി ടോപ്സ്കോറർമാരിൽ മുന്നിലെത്തി. ഏറ്റവും മികച്ച യുവതാരമായി മുള്ളർ തിരഞ്ഞെടുക്കപ്പെടുമെന്ന് ഏറെക്കുറെ ഉറപ്പാണ്. ഫോർലാന് ടൂർണമെന്റിലെ മികച്ച താരത്തിനുള്ള സ്വർണപ്പന്തിനും സാധ്യതയുണ്ട്.

സ്പെയിനോട് ഫൈനലിൽ തോറ്റ ടീമിൽ നാലു മാറ്റങ്ങളുമായാണ് ജർമൻ പട ഇറങ്ങിയത്. ലോകകപ്പിൽ ഏറ്റവുമധികം ഗോംഫ നേടിയ താരം എന്ന ബഹുമതിക്ക് ഒരു ഗോംഫ കുറവുണ്ടായിരുന്ന മിറോസ്ലാവ് ക്ലോസെയ്ക്ക് പന്തിമൂലം കളിക്കാൻ കഴിഞ്ഞില്ല. 15 ഗോംഫ നേടിയ ബ്രസീലിന്റെ റൊണാംഫോയുടെ പേരിലാണ് റെക്കോഡ്. 32കാരനായ ക്ലോസെ 14 ഗോളാണ് നേടിയത്. ക്ലോസെയെ കളിപ്പിക്കാൻ സാധ്യത ഇല്ലായിരുന്നെന്ന് കോച്ച് ജോക്കിം ലോ പറഞ്ഞു.

ബ്രസീലിനേയും ഇറ്റലിയേയും പോലെ ലോകകപ്പിൽ ഏറ്റവും മികച്ച പ്രകടനം നടത്തിയ രാജ്യമാണ് ജർമനി. 1954, 74, 90 ടൂർണമെന്റുകളിലാണ് അവർ കപ്പുയർത്തിയത്. 1966, 82, 86, 2002 വർഷങ്ങളിൽ ഫൈനൽ കളിച്ചു. കഴിഞ്ഞ തവണ ഫ്രാൻസിൽ മൂന്നാം സ്ഥാനത്തായിരുന്നു.

1930-ലെ ആദ്യ ലോകകപ്പിലും 1950-ലും ചാമ്പ്യന്മാരായ ഉറുഗ്വായ് തലയുയർത്തിയാണ് മടങ്ങുന്നത്. 1970-ൽ സെമിയിൽ കടന്നശേഷം അവരുടെ മികച്ച പ്രകടനമാണ് ദക്ഷിണാഫ്രിക്കയിൽ കണ്ടത്. ലാറ്റിനമേരിക്കൻ യോഗ്യതാറൗണ്ടിൽ പേ ഓഫിലൂടെ കഷ്ടിച്ചു യോഗ്യത നേടിയ ഉറുഗ്വായ്ക്ക് ചാമ്പ്യന്മാരായ ബ്രസീൽ, അർജന്റീന ടീമുകളെ പിന്നിലാക്കുന്ന പ്രകടനം നടത്താനായി.

# ദേശീയതയുടെ പുതിയമുഖം

**E ക്രിസ് പുന്നക്കാട്ട് ഡാനിയൽ (ബർലിനിൽ നിന്ന്)**

കിരീടനേട്ടം കൈയെത്തുംദൂരത്ത് നഷ്ടമായെങ്കിലും ഇവിടെ ജർമൻടീമിന്റെ ആരാധകർ ആഘോഷങ്ങഫം തുടരുകയാണ്. ലൂസേഴ്സ് ഫൈനലിൽ ഉറുഗ്വായ്ക്കെതിരെ നേടിയ തകർപ്പൻ വിജയം അവരുടെ ആവേശം ഇരട്ടിയാക്കിയിട്ടുണ്ട്. 2010 ലോകകപ്പിൽ യുവനിരയുടെ കരുത്തുകാട്ടി ലോകത്തിന്റെ മുഴുവൻ കൈയടി വാങ്ങിയത് ജർമൻടീമാണെന്ന് ആരാധകർ ഉറച്ചുവിശ്വസിക്കുന്നു. ജോക്കിംലോയുടെ പരിശീലനത്തിൽ സജ്ജരായ ടീം ക്വാർട്ടർഫൈനൽ വരെ എത്തിയാൽ ഭാഗ്യമെന്നായിരുന്നു ലോകകപ്പ് തുടങ്ങുന്നതിനുമുമ്പ് ഇവിടത്തെ ഭൂരിഭാഗം പേരും കരുതിയിരുന്നത്. ലോകകപ്പ് നേടണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും തങ്ങളുടെ ടീമിന് അതു സാധിക്കുമെന്ന് ഒരാളും കരുതിയിരുന്നില്ല.

എന്നാൽ ആദ്യമത്സരത്തിൽ ഓസ്ട്രേലിയയെ എതിരില്ലാത്ത നാലു ഗോളുകഫംക്ക് തോൽപ്പിച്ച തോടെ ജർമൻ ടീമിനെ നാട്ടുകാർ ഗൗരവത്തിലെടുത്തുതുടങ്ങി. ജർമൻകാർ മാത്രമല്ല യൂറോപ്പ് മുഴുവൻ ഈ ടീമിനെ വിശ്വസിച്ചു. രണ്ടാം മത്സരത്തിൽ സെർബിയയോടു തോറ്റതോടെ ആ വിശ്വാസത്തിന് അല്പം ക്ഷതം സംഭവിച്ചുവെങ്കിലും ഘാനയെ തോൽപ്പിച്ചുകൊണ്ട് ജർമനി വിങ്ങും കാണിക്കുടെ കൈയടി നേടി. തുടർന്ന് ഇംഗ്ലണ്ട്, അർജന്റീന... കൊലകൊമ്പൻമാരായ എതിരാളികളെ മുഴുവൻ അരിഞ്ഞുവീഴ്ത്തി ജർമൻപട മുന്നേറിയപ്പോഫ രാജ്യം മുഴുവൻ അവർക്ക് പിന്തുണയുമായെത്തി. ജർമനി ഫൈനലിലെത്തുമെന്ന് ഏവരും വിശ്വസിച്ചു. തെരുവുകഫം മുഴുവൻ ഫുട്ബോഫ ആരാധകർ കീഴടക്കി. അവരുടെ ആഹ്ലാദപ്രകടനങ്ങഫം ടെലിവിഷൻ ചാനലുകഫം തുടർച്ചയായി പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

പക്ഷേ, സ്പെയിനുമായുള്ള സെമിഫൈനൽ ജർമൻ പ്രതീക്ഷകളാകെ തകർത്തു. നാലാം കിരീടം സ്വന്തമാക്കാമെന്ന പ്രതീക്ഷ നഷ്ടപ്പെട്ട് കണ്ണീരോടെ താരങ്ങഫം മടങ്ങിയെപ്പോഫ പാതാളത്തോളം താഴ്ന്നു അവ സ്ഥിതിലായി ആരാധകർ. തങ്ങളെ തോൽപ്പിച്ച സ്പാനിഷ് ടീമിനെ കലവറയില്ലാതെ അനുമോദിച്ചും സ്വന്തം ടീമംഗങ്ങളായ ഷ്വെയ്ൻസ്റ്റീഗർ, ഓസിൽ, മുള്ളർ, ഖദീര എന്നിവരെക്കുറിച്ചോർത്ത് അഭിമാനിച്ചും അവർ ദുഃഖം മറക്കാൻ ശ്രമിച്ചു.

ലോകകപ്പ് നേടാനാകാഞ്ഞതിൽ കളിക്കാർക്ക് ദുഃഖമുണ്ടെങ്കിലും ലൂസേഴ്സ്ഫൈനൽ ജയം സമ്മാനിച്ച മൂന്നാം സ്ഥാനത്തിൽ തൃപ്തരാണ് ജനങ്ങഫം ഫുട്ബോഫ പ്രേമികഫം. അതു മനസ്സിലാക്കിയാകും കോച്ച് ജോക്കിം ലോ ഇങ്ങനെ പറഞ്ഞത് ''നിറഞ്ഞ മനസ്സോടെയാണ് നാട്ടിലേക്കുള്ള മടക്കം. എട്ടോ ഒമ്പതോ മാസങ്ങഫംക്ക് മുമ്പ് ആരും സ്വപ്നം പോലും കാണാൻ കൂട്ടാക്കാഞ്ഞ നേട്ടം ഞങ്ങഫം സ്വന്തമാക്കിക്കഴിഞ്ഞു''.

''ഏറെ പിന്നിലായിരുന്ന ഞങ്ങഫം വിയർത്തുകളിച്ച് മുന്നേറുകയായിരുന്നു. ഇത് ടീമിന്റെ വ്യക്തിത്വത്തെയാണ് പ്രദർശിപ്പിക്കുന്നത്. ഫൈനലിൽ എത്താൻ കഴിയാഞ്ഞതിൽ മനസ്സ് കരയുന്നുണ്ടെങ്കിലും ഈ ടീമിൽ അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു'' - മിഡ്ഫീൽഡർ ബാസ്റ്റിൻ ഷ്വെയ്ൻസ്റ്റീഗറുടെ താണി വാക്കുകഫം. വിവിധ സംസ്ഥാരക്കാർ ഒരേ ജഴ്സിയണിഞ്ഞിറങ്ങുന്ന ജർമൻടീം ജർമൻ ദേശീയതയുടെ പുതിയൊരു മുഖത്തെയാണ് പ്രതിനിധീകരിക്കുന്നത്. ജർമൻ ഫുട്ബോളിന് ഏറെ മെച്ചപ്പെട്ട ഭാവിയുണ്ടെന്ന് പ്രഖ്യാപിക്കുന്നുമുണ്ട് ഈ ടീം.

# ബെക്കാമിന്റെ 'സ്വപ്നടീം'

ലോകകപ്പ് അവസാനിച്ചു. ഇതേവരെ കണ്ട കളികളിൽ ഏറ്റവും മികവ് പ്രകടിപ്പിച്ച താരങ്ങളെ കണ്ടെത്തുകയെന്നത് ദുഷ്കരമായ ജോലിയാണ്. കഴിഞ്ഞ, മൂന്നു ലോകകപ്പുകളിൽ ഇംഗ്ലണ്ടിന്റെ സൂപ്പർതാരമായിരുന്ന ഡേവിഡ് ബെക്കാം, തന്റെ ലോകടീമിനെ തിരഞ്ഞെടുക്കുന്നു. ലോകകപ്പിനുമുമ്പ്, ടൂർണമെന്റിൽ ശ്രദ്ധേയ പ്രകടനം കാഴ്ചവെച്ച പലരെയും ഫൈനലാകുന്നതോടെ, ലോകടീമിൽ കാണുന്നില്ലെന്നതാണ് ബെക്കാമിന്റെ തിരഞ്ഞെടുപ്പിലും വ്യക്തമാകുന്നത്.

മുസ്‌ലേ

## ഗോൾകീപ്പർ: ഫെർണാണ്ടോ മുസ്‌ലേര

അന്താരാഷ്ട്ര ഫുട്ബോളിലേക്ക് വന്നിട്ട് അധികമായില്ലെങ്കിലും ഈ ലാസിയോ താരം ലോകകപ്പിൽ ശ്രദ്ധേയപ്രകടനമാണ് കാഴ്ചവെച്ചത്. ഘാനയ്ക്കുതിരെ ഷൂട്ടൗട്ടിൽ രണ്ട് കിക്കുകഫം രക്ഷിച്ചതോടെ, ഉറുഗ്വായ് താരം ലോകകപ്പിലെ ഏറ്റവും മികച്ച ഗോംഫകീപ്പറായി മാറി.

ആഷ്‌ലി കോൾ

## ലെഫ്റ്റ് ബാക്ക്: ആഷ്‌ലി കോൾ

പോർച്ചുഗലിന്റെ ഫാബിയോ കൊൺടാവോയാണ് ഈസ്ഥാനത്തേക്ക് പരിഗണിക്കപ്പെടേണ്ട മറ്റൊരു താരം. പക്ഷേ, ഇംഗ്ലണ്ടിനായി, ലോകകപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച ആഷ്‌ലി കോളാണ് ലെഫ്റ്റ് ബാക്ക് സ്ഥാനത്തേക്കുള്ള പ്രതിനിധി.

സെർജിയോ റാമോസ്

## റൈറ്റ് ബാക്ക്: സെർജിയോ റാമോസ്

റയൽമാഡ്രിഡിന്റെ താരമായ സെർജിയോ റാമോസാണ് വലതുവിങ്ങിലൂടെയുള്ള മുന്നേറ്റത്തിലും പ്രതിരോധത്തിലും ഒരുപോലെ കഴിവ് തെളിയിച്ച പ്രതിരോധനിര താരം. ആക്രമണങ്ങളെ സഹായിക്കുന്നതിനോടൊപ്പം അവസരം കിട്ടുമ്പോഫ ഗോഫമുഖം ലക്ഷ്യമിടാനും റാമോസ് തയ്യാറാകുന്നു.

കാർലോസ് പുയോൾ

## സെൻട്രൽ ഡിഫൻഡർ: പുയോൾ

സെമി ഫൈനലിലെ വിജയഗോളിലൂടെ സ്പാനിഷ് ടീമിൽ താനെത്രമാത്രം പ്രധാനപ്പെട്ട താരമാണെന്ന് തെളിയിക്കാൻ പുയോളിനായി. പ്രതിരോധത്തിൽ കരുത്ത് കാട്ടുന്നതിനൊപ്പം, മധ്യനിരയെ സഹായിക്കാനും പുയോഫം തയ്യാറാകുന്നു.

ജോൺ മെൻസാ

## സെൻട്രൽ ഡിഫൻഡർ: ജോൺ മെൻസാ

ലോകകപ്പിന്റെ ക്വാർട്ടർ ഫൈനൽവരെ ഘാനയുടെ മുന്നേറ്റത്തിന് അവരുടെ ആക്രമണനിരയ്ക്കൊപ്പം പങ്കുവഹിച്ചത് പ്രതിരോധനിര താരങ്ങളാണ്. പ്രതിരോധത്തിൽ ഏതറ്റംവരെയും പോകുന്നതാരമാണ് ജോൺ മെൻസ. ഏതിരാളികളുടെ ഗോംഫശ്രമങ്ങളെ വിലക്കുന്നതിൽ മെൻസയുടെ ഇടപെടലുകഫം നിർണായകമായി.

തോമസ് മുള്ളർ

## മിഡ്ഫീൽഡർ: തോമസ് മുള്ളർ

ലോകകപ്പിനുമുമ്പ് തോമസ് മുള്ളറെക്കുറിച്ച് അധികമൊന്നും വാർത്തകഫം പ്രചരിച്ചിരുന്നില്ല. എന്നാൽ, ടൂർണമെന്റിലിതേവരെ നാലുഗോഫം നേടുകയും, മൂന്നു ഗോളുകഫംക്ക് വഴിയൊരുക്കുകയും ചെയ്ത മുള്ളർ, ലോകകപ്പിലെ മികച്ച യുവതാരമാകാനുള്ള തയ്യാറെടുപ്പിലാണ്.

ഷ്വെയ്ൻസ്റ്റീഗർ

## മിഡ്ഫീൽഡർ: ഷ്വെയ്ൻസ്റ്റീഗർ

പ്രതിരോധത്തിലും ആക്രമണത്തിലും ഒരേ പോലെ മികവ് കാട്ടിയ ഷ്വെയ്ൻസ്റ്റീഗർ ടൂർണമെന്റിലെ മികച്ച താരങ്ങളിലൊരാളാണ്. ഇംഗ്ലണ്ടിനെതിരെ പ്രീ ക്വാർട്ടറിലും അർജന്റീനയ്ക്കെതിരെ ക്വാർട്ടറിലും ഷ്വെയ്ൻസ്റ്റീഗറുടെ മികവ് ലോകം കണ്ടു. ഏത് ടീമും ആഗ്രഹിക്കുന്ന താരം.

## മിഡ്ഫീൽഡർ: സാവി

സാവി

ഇതേ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടാൻ യോഗ്യരായ രണ്ട് താരങ്ങഫം സ്പാനിഷ് നിരയിലുണ്ട്. സാബി അലോൺസോയും ആന്ദ്രെ ഇനിയേസ്റ്റയും. എന്നാൽ, ഏതൊരു ടീമും കൊതിക്കുന്ന മിഡ്ഫീൽഡറാണ് സാവി. പാസിങ്ങിലുള്ള മികവും കളി മുൻകൂട്ടിക്കാണാനുള്ള കഴിവും സാവിക്കുണ്ട്. ടൂർണമെന്റിന്റെ താരങ്ങളിലൊരാഫം.

വെസ്ലി സ്നൈഡർ

## മിഡ്ഫീൽഡർ: വെസ്ലി സ്നൈഡർ

ടൂർണമെന്റിലെ ടോപ്സ്കോററാകാൻ തയ്യാറെടുക്കുന്ന സ്നൈഡർ, ഒരേസമയം സ്ട്രൈക്കറും പ്ലേമേക്കറുമായി മാറുന്നു. ക്ലബ് തലത്തിലും ദേശീയ ടീമിനുവേണ്ടിയും മികച്ച ഫോമിലാണ് താരം. ഫൈനലിൽ നിർണായകമാവുക, സ്നൈഡറുടെ പ്രകടനമാകുമെന്നത് തീർച്ചയാണ്.

## സ്ട്രൈക്കർ: ഡേവിഡ് വിയ

ഡേവിഡ് വിയ

ലോകത്തെ ഏറ്റവും മികച്ച ഫിനിഷർമാരിലൊരാഫം. അർധാവസരങ്ങഫം പോലും ഗോളാക്കാനുള്ള വിയയുടെ മികവാണ് സ്പെയിനുവേണ്ടി ടൂർണമെന്റിൽ നേടിയ അഞ്ചു ഗോളുകഫം. രണ്ട് കാലുകൊണ്ടും ഒരുപോലെ ഷൂട്ട് ചെയ്യാനറിയുന്ന വിയ, ചേരുന്നതോടെ, ബാഴ്സലോണ ടീമിന്റെ നിലവാരം എന്താകുമെന്നത് കാണാനിരിക്കുന്ന കാര്യമാണ്.

## സ്ട്രൈക്കർ: ഡീഗോ ഫോർലാൻ

പരിചയസമ്പത്തിലൂടെ, ലോകത്തെ എണ്ണം പറഞ്ഞ സ്ട്രൈക്കർമാരിലൊരാളായി മാറിയ താരമാണ് ഫോർലാൻ. ലോകകപ്പിൽ നേടിയ നാല് ഗോളുകഫം ഫോർലാന്റെ മികവ് വിളിച്ചോതുന്നു. ഗോളടിക്കുന്നതിനൊപ്പം, ഗോളടിപ്പിക്കാനും കഴിവുള്ള സ്ട്രൈക്കറാണ് ഫോർലാൻ.



ഡീഗോ ഫോർലാൻ

# വിയയും സ്നൈഡറും ഗോളടിച്ചില്ലെങ്കിൽ മുള്ളർ ടോപ്സ്കോറർ

**പോർട്ട് എലിസബത്ത്:** ഫൈനലിൽ, സ്പെയിനിന്റെ ഡേവിഡ് വിയയും ഹോളണ്ടിന്റെ വെസ്ലി സ്നൈഡറും ഗോളടിച്ചില്ലെങ്കിൽ, ടോപ് സ്കോറർ പട്ടം സ്വന്തമാക്കുക ജർമനിയുടെ തോമസ് മുള്ളറാകും. ലൂസേഴ്സ് ഫൈനലിൽ ഉറുഗ്വായ്ക്കെതിരെ ഗോഫം നേടിയതോടെ, ടൂർണമെന്റിലെ ഗോഫം നേട്ടം അഞ്ചാക്കി ഉയർത്തിയ മുള്ളർ, കൂടുതൽ ഗോളവസരങ്ങളൊരുക്കിയതിന്റെ പേരിലാണ് ടോപ്സ്കോറർ പട്ടം സ്വന്തമാക്കുക. മുള്ളർ മൂന്ന് ഗോളുകംക്കാണ് വഴിയൊരുക്കിയതത്. സ്നൈഡറും വിയയും ഓരോന്നു വീതവും.

ലൂസേഴ്സ് ഫൈനലിൽ ഒരു ഗോഫം നേടിയ ഉറുഗ്വായുടെ ഡീഗോ ഫോർലാനും അഞ്ച് ഗോഫം നേടി ടോപ്സ്കോറർ പട്ടികയിൽ മുന്നിലുണ്ട്. ലോകകപ്പിലെ യുവതാരത്തിനുള്ള പട്ടം ഏറെക്കുറെ ഉറപ്പിച്ചുകഴിഞ്ഞ മുള്ളർ, ഇരട്ടക്കിരീടത്തിനൊരുങ്ങുന്ന സ്പാനിഷ് ടീമിന്റെ പ്രതിക്ഷയിലാണിപ്പോഫം.